<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6125</u> <u>09-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കാർഷിക മേഖലയിലെ സഹകരണ വകുപ്പ് പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | കാർഷിക മേഖലയിൽ സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടത്താൻ ഉദ്ദേശിച്ചിരുന്നതെങ്കിലും 410 സംഘങ്ങൾ മുഖേന 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുവാൻ കഴിഞ്ഞു. എല്ലാ ജില്ലകളിലും കൂടുതലും പച്ചക്കറി കൃഷിയാണ് നടത്തി വന്നത്. കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി.<br><br>ഇതിന്റെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യവിളകൾക്കും ഈ പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്തുവരുന്നു. വിത്തും തൈകളും ഉല്പാദിപ്പിക്കുന്ന സംഘങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി 370.52 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു.<br><br>കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 |

| | | | |
|---|---|---|---|
| | | | സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)ഉം എന്നീ സഹകരണ സംഘങ്ങളും സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.<br><br>സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാന്റിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്റ്റ്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂ സിലാന്റ്, യു. എ. ഇ, ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ